പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2511 12/03/2020-ലെ മറുപടി

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി |
| കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കിഫ്ബി മുഖേന 56.89 കോടി രൂപയുടെ ധനസഹായാനുമതി ലഭിച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം, ചെറുതാഴം പഞ്ചായത്തുകൾക്കും, ഏഴിമല നേവൽ അക്കാഡമി എന്നിവിടങ്ങളിലേക്കും പ്രയോജനം ലഭിക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതിയും കിഫ്ബിയിൽ നിന്ന് ധനസഹായ അനുമതിയും ലഭിച്ചിട്ടുണ്ട്.<br>മേൽ പദ്ധതിയിൽ ഉന്നതല ജലസംഭരണികൾ (ശ്രീസ്ഥ -8.5 ലക്ഷം ലിറ്റർ, പടിക്കപ്പാറ - 4.5 ലക്ഷം ലിറ്റർ, എടാട്ട- 8.5 ലക്ഷം ലിറ്റർ}, ഗ്രാവിറ്റി മെയിൻ (41450 മീറ്റർ), ടെലിമെട്രി റൂം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. ടി പദ്ധതി ഒരൊറ്റ പാക്കേജ് ആയി ടെൻഡർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>പദ്ധതിയിൽ 41450 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ 15952 മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. കുഞ്ഞിമംഗലം പഞ്ചായത്തിലേക്ക് ജലവിതരണം നടത്തുന്നതിനു വേണ്ടി എടാട്ടിൽ നിർമിക്കുന്ന 8.5 ലക്ഷം ലിറ്റർ ഉന്നതലജലസംഭരണിയുടെ 70% പ്രവൃത്തി പൂർത്തീകരിച്ചു. ചെറുതാഴം പഞ്ചായത്തിലേക്ക് ജലവിതരണം നടത്തുന്നതിനു വേണ്ടി ശ്രീസ്ഥ 8.5 ലക്ഷം ലിറ്റർ, പടിക്കപ്പാറ 4.5 ലക്ഷം ലിറ്റർ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ഉന്നതല ജലസംഭരണിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>ടി പ്രവൃത്തി 31/03/2021-നോടു കൂടി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. |

Renuka Sankar
സെക്ഷൻ ഓഫീസർ